# ഭാരതീയ റിസർവ് ബാങ്ക്

www.rbi.org.in

ആർബിഐ/2009-10/142

ഡിബിഓഡി നം. ലെഗ് ബിസി. 37/09.07.005/2009-10 സെപ്തംബർ 2, 2009

എല്ലാ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളും
(ആർആർബികൾ ഒഴികെ)

പ്രിയപ്പെട്ട സർ,

**നാഷണൽ ട്രസ്റ്റ് ഫോർ ദ് വെൽഫെയർ ഓഫ് പേഴ്സൺസ് വിത്ത് ഓട്ടിസം, സെറിബ്രൽ പാൽസി, മെന്റൽ റിട്ടാർഡേഷൻ ആൻഡ് മൾട്ടിപ്പിൾ ഡിസെബിലിറ്റീസ് ആക്ട്, 1999 പ്രകാരം സ്ഥാപിച്ച ലോക്കൽ ലെവൽ കമ്മിറ്റികൾ സംബന്ധിച്ച വിവരങ്ങൾ പ്രദർശിപ്പിക്കൽ**

ഈ ആക്ടിൽ പരാമർശിച്ചിട്ടുള്ള വൈകല്യം ഉള്ള വ്യക്തികൾക്കു വേണ്ടി അവരുടെ നിയമപരമായ രക്ഷകർത്താക്കൾക്ക് ബാങ്ക് അക്കൗണ്ട് തുറക്കുക/ പ്രവർത്തിപ്പിക്കുക എന്ന ഉദ്ദേശ്യത്തിനായി, മെന്റൽ ആക്ട്, 1987 പ്രകാരം ജില്ലാ കോടതിയോ അല്ലെങ്കിൽ നാഷണൽ ട്രസ്റ്റ് ഫോർ ദ് വെൽഫെയർ ഓഫ് പേഴ്സൺസ് വിത്ത് ഓട്ടിസം, സെറിബ്രൽ പാൽസി, മെന്റൽ റിട്ടാർഡേഷൻ ആൻഡ് മൾട്ടിപ്പിൾ ഡിസെബിലിറ്റീസ് ആക്ട്, 1999 (ഇനി മുതൽ മെന്റൽ ഡിസെബിലിറ്റീസ് ആക്ട് എന്നു വിളിക്കപ്പെടും) പ്രകാരം ലോക്കൽ ലെവൽ കമ്മിറ്റികളോ നൽകുന്ന ഗാർഡിയൻഷിപ്പ് സർട്ടിഫിക്കറ്റ് അവലംബമായി എടുക്കേണ്ടതാണെന്ന് ബാങ്കുകൾക്കു നിർദ്ദേശം നൽകിയ ഉപഭോക്തൃ സേവനത്തിന്റെ ജൂലൈ 1, 2009 തീയതിയിലെ ഞങ്ങളുടെ മാസ്റ്റർ സർക്കുലർ ആയ ഡിബിഓഡി നം. ലെഗ് ബിസി. 9/09.07.006/2009-10-ന്റെ 11-ാം ഖണ്ഡിക ദയവായി പരിശോധിക്കുക. ബ്രാഞ്ചുകൾ ശരിയായ മാർഗനിർദ്ദേശം നൽകുകയും അതു വഴി വൈകല്യമുള്ള വ്യക്തികളുടെ മാതാപിതാക്കൾക്ക്/ ബന്ധുക്കൾക്ക് ഇതുമായി ബന്ധപ്പെട്ട് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നില്ല എന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതാണെന്ന് ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2. ഡെൽഹി ഹൈക്കോടതിയ്ക്കു മുന്നിൽ വന്ന അത്തരം ഒരു കേസിൽ ബഹുമാനപ്പെട്ട കോടതി, (i) ഉത്തരവിന്റെ (മെന്റൽ ഡിസെബിലിറ്റീസ് ആക്ട്) പ്രധാന വിശദാംശങ്ങളും; (ii) സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി കക്ഷികൾക്ക് ലോക്കൽ ലെവൽ കമ്മിറ്റികളെ സമീപിക്കാമെന്നും, മെന്റൽ ഡിസെബിലിറ്റീസ് ആക്ട് പ്രകാരം നൽകിയിട്ടുള്ള സർട്ടിഫിക്കറ്റ് സ്വീകാര്യമാണെന്നും (iii) ആ പ്രദേശത്തെ ലോക്കൽ ലെവൽ കമ്മിറ്റികളുടെ വിശദാംശങ്ങളും ബ്രാഞ്ചുകളിൽ വ്യക്തമായി കാണാൻ കഴിയുന്ന സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണെന്നും എല്ലാ ബാങ്കുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

---

ഇതിന്റെ രൂപീകരണം പ്രാദേശിക ഭാഷയിലും, ഇംഗ്ലീഷിലും/ഹിന്ദിയിലും (അല്ലെങ്കിൽ രണ്ടിലും) പ്രദർശിപ്പിക്കേണ്ടതാണെന്നും കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

3. കോടതിയുടെ മേൽപ്പറഞ്ഞ ഉത്തരവ് കർശനമായി പാലിക്കേണ്ടതാണെന്ന് ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മെന്റൽ ഡിസെബിലിറ്റീസ് ആക്ടിന്റെ ചട്ടങ്ങൾ കർശനമായി പാലിച്ചിരിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണെന്നും ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലോക്കൽ ലെവൽ കമ്മിറ്റികളുടെ വിശദാംശങ്ങൾ നാഷണൽ ട്രസ്റ്റ് ഫോർ ദ് വെൽഫെയർ ഓഫ് പേഴ്സൺസ് വിത്ത് ഓട്ടിസം, സെറിബ്രൽ പാൽസി, മെന്റൽ റിട്ടാർഡേഷൻ ആൻഡ് മൾട്ടിപ്പിൾ ഡിസെബിലിറ്റീസിന്റെ വെബ്സൈറ്റായ www.thenationaltrust.in ൽ ലഭ്യമാണ്.

വിശ്വാസ്യതയോടെ

(ബി. മഹാപത്ര)
ചീഫ് ജനറൽ മാനേജർ